വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) രണ്ടു്—മാന്നാർ, കത്തിമംഗലം.

(ബി) മാന്നാറിൽ ബെൽമെറ്റൽ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതി അടുത്തിടെയും കരകൗശല ബോർഡു് അനുവദിച്ചതു് കഴിഞ്ഞ സാമ്പത്തിക വർഷം ഒടുവിലാണു്.

ശ്രീ. ജി. പത്മനാഭന്റെ തമ്പി : ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ തൊഴിലാളികളും സഹകരണാടിസ്ഥാനത്തിൽ സംഘടിക്കുകയാണെങ്കിൽ അതിനെല്ലാം സഹായങ്ങളും നൽകുമെന്നു വ്യവസായവകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളതു് ഓർമ്മിക്കുമോ ?

ശ്രീ. കെ. പി. ഗോപാലൻ : കഴിഞ്ഞ സാമ്പത്തികവർഷം ഒടുവിലാണു് കരകൗശല ബോർഡു് അനുവദിച്ചതു്. 29,750 രൂപ കേന്ദ്രം ഇതിലേയ്ക്കു നീക്കിവച്ചിട്ടുണ്ടു്. ഈ വർഷം തന്നെ തുടങ്ങാനുള്ള നടപടികളും സ്വീകരിക്കുന്നതാണു്.

കന്യാകുമാരി ഡിസ്ട്രിക്ടിൽനിന്നും കേരളത്തിലേയ്ക്കുള്ള അരിക്കച്ചവടനിയന്ത്രണം.

*1590. [23] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) മദ്രാസു് സംസ്ഥാനത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന കന്യാകുമാരി ഡിസ്ട്രിക്ടിൽനിന്നും കേരളത്തിലേയ്ക്കുള്ള അരിയുടേയും, നെല്ലിന്റേയും കച്ചവടത്തേയും കടത്തലിനേയും മദ്രാസു് ഗവണ്മെന്റു് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു രൂപത്തിൽ ;

(സി) കേരളത്തിൽനിന്നും കന്യാകുമാരി ജില്ലയിലേയ്ക്കു നെല്ലും അരിയും കയറ്റുന്നതിനെ കേരള ഗവണ്മെന്റു നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു രൂപത്തിൽ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്):

(എ) നെല്ലുകടത്തൽ നിയന്ത്രിച്ചിട്ടുണ്ടു്. അരിയുടെ കടത്തൽ നിയന്ത്രിക്കുകയോ, നിരോധിക്കുകയോ ചെയ്തിട്ടില്ല.

(ബി) മദ്രാസു് സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തു നിന്നും ആ ഗവണ്മെന്റിന്റെ പെർമിറ്റ് പ്രകാരമല്ലാതെ നെല്ലു് കേരളത്തിലേയ്ക്കു കടത്തിക്കൊണ്ടു പോകുന്നതിനെ നിരോധിച്ചിട്ടുണ്ടു്. ഇപ്രകാരം മദ്രാസു് സ്റ്റോറിൽ നിന്നും നെല്ലു് കടത്തിക്കൊണ്ടു വരുന്നതിനുള്ള പെർമിറ്റ് ഈ സ്റ്റോറിലെ മില്ലുടമസ്ഥന്മാർക്കും, ഈ സ്റ്റോറിൽ താമസക്കാരായ മദ്രാസു് സ്റ്റോറിലെ ഇതര ഉടമസ്ഥന്മാർക്കും മാത്രമേ കൊടുക്കുകയുള്ളു. എന്നാൽ അരി കൊണ്ടുവരുന്നതിനെ മദ്രാസു് ഗവണ്മെന്റു നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : അരി കൊണ്ടുവരുന്നതിനെ നിയന്ത്രിച്ചിട്ടില്ലെന്നു പറഞ്ഞു. പക്ഷേ അങ്ങനെ കൊണ്ടുവരുന്നതിനു് ചെക്കു് പോസ്റ്റുകളും അനുവദിക്കുന്നില്ലെന്നു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ ചില റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതു സംബന്ധിച്ച് മദ്രാസ് ഗവണ്മെൻറുമായി കത്തിടപാടു നടത്തുന്നുണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇവിടെ നിന്നും കന്യാകുമാരി ജില്ലയിലേയ്ക്കു നെല്ലു കടത്തിക്കൊണ്ടു പോകുന്നതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഇവിടെ നിന്നും അങ്ങോട്ടു പോകുന്നില്ല.

കാലിമേയ്ക്കുന്നതിനും, വിറകു് ശേഖരിക്കുന്നതിനുമുള്ള പാസ്സു്.

* 1591. [24] ശ്രീ. മധുര : താഴെകൊടുത്തിരിക്കുന്ന ചോദ്യത്തിനു് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനത്തിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്കു് കാലിമേയ്ക്കുന്നതിനും, വിറകു് ശേഖരിക്കുന്നതിനും പാസ്സു് വാങ്ങേണ്ട ആവശ്യം ഉണ്ടോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

വനത്തിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്കു് വനവിഭവങ്ങൾ നശിപ്പിക്കാതെ കാലിമേയ്ക്കുന്നതിനും വിറകു് ശേഖരിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്.

ശ്രീ. എം. എം. മത്തായി : ഇന്നു വിറകു ശേഖരിക്കുന്നതിനു് പാസ്സു വാങ്ങണമെന്നു നിർബ്ബന്ധിക്കുന്നതായി അറിയുമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ നിർബ്ബന്ധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. പൊന്നറ ശ്രീധർ : നിർബ്ബന്ധിക്കുന്നുണ്ടു്. ചെറിയ കമ്പു പോലും മുറിക്കുന്നതിനു് അനുവദിക്കുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ് : അതിനെപ്പറ്റി അന്വേഷിക്കുന്നതാണു്.

ശ്രീ എം. എം. മത്തായി : പാസ്സിനു നിർബ്ബന്ധിക്കുന്ന ഏർപ്പാടു നിർത്തലാക്കുന്നതിനു് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ: കെ. സി. ജോർജ്ജ് : അതിനെപ്പറ്റി അന്വേഷിച്ചശേഷമേ നിർദ്ദേശം കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നു തീരുമാനിക്കാൻ സാധിക്കൂ.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : മറവുള്ളവർക്കു് ആദായം ഉണ്ടാക്കുന്നതിനുവേണ്ടി ഇവരെക്കൊണ്ടു വിറകു് ശേഖരിപ്പിക്കുന്നതായി അറിയാമോ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ പല കുഴപ്പങ്ങളും ഉണ്ടു്. അതാണു് അന്വേഷിക്കണമെന്നു പറഞ്ഞതു്.

സ്റ്റേറ കാൺസ്പോർട്ട് ബസ്സു് സർവീസു്.

* 1592. [25] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാടു ജില്ലയിൽ ഏതെല്ലാം റൂട്ടുകളിൽ സ്റ്റേറ കാൺസ്പോർട്ട് ബസ്സുകൾ സർവീസു് നടത്തുന്നുണ്ടു് ;

(ബി) ഷട്ടിൽ സർവീസു് ഏതെങ്കിലും റൂട്ടുകളിൽ ഓടുന്നുണ്ടോ ;

(സി) തൃശ്ശൂർ-പാലക്കാടു് (via) ആലത്തൂർ, തൃശ്ശൂർ-ചിറ്റൂർ (via) കൊല്ലങ്കോടു് എന്നീ റൂട്ടുകളിൽ ഷട്ടിൽ സർവീസു് ആരംഭിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly